പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2732 — 13/03/2020 ൽ മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളിലെ സ്കോളർഷിപ്പ് പരീക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നാല്, ഏഴ് ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കോളർഷിപ്പ് തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എത്ര ശതമാനം മാർക്ക് ലഭിക്കുന്നവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുകയെന്നും എത്ര രൂപ വീതമാണ് ലഭിക്കുകയെന്നും വിശദീകരിക്കുമോ; | (എ) ഉണ്ട്. എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പുകൾ യഥാക്രമം 1000/-, 1500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എൽ.എസ്.എസ് പരീക്ഷയിൽ രണ്ട് പേപ്പറിനും കൂടി 60 ശതമാനമോ അതിന് മുകളിലോ സ്കോർ ലഭിക്കുന്നവർക്കാണ് സ്കോളർഷിപ്പിനുള്ള യോഗ്യത. ഉപജില്ലയിൽ, എസ്.സ്/എസ്.ടി, ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നിശ്ചിത സ്കോർ ലഭിച്ചില്ലെങ്കിൽ ഈ വിഭാഗത്തിൽ ഏറ്റവും കൂടുതൽ സ്കോർ നേടിയ ഓരോ കുട്ടിയെ സ്കോളർഷിപ്പിന് പരിഗണിക്കുന്നതാണ്. ഈ കുട്ടി 50% സ്കോർ നേടിയിരിക്കണം. യു.എസ്.എസ് പരീക്ഷയിൽ 2 പേപ്പറിനും കൂടി 70 ശതമാനമോ അതിൽ കൂടുതലോ സ്കോർ ലഭിക്കുന്നവർക്കാണ് സ്കോളർഷിപ്പിന് അർഹതയുള്ളത്. |
| (ബി) ഏഴാം ക്ലാസിലെ കുട്ടികൾക്കായി നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയിൽ ഗിഫ്റ്റഡ് ചൈൽഡ് എന്ന പദവി ലഭിക്കുന്നതിന് എത്ര ശതമാനം മാർക്ക് ലഭിക്കണമെന്നും ഈ പദവി ലഭിക്കുന്നവർക്ക് സർക്കാർ പ്രത്യേക പരിശീലന പദ്ധതികളോ തുടർപഠന പദ്ധതികളോ നടപ്പിലാക്കിയിട്ടുണ്ടോ എന്നും വിശദീകരിക്കുമോ; | (ബി) യു.എസ്.എസ് പരീക്ഷയിൽ ഉന്നത വിജയം നേടുന്ന കുട്ടികളിൽ നിന്നും ഒരു ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ നിന്നും 40 കുട്ടികളെ വീതം ഗിഫ്റ്റഡ് ചിൽഡ്രൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നു 30 കുട്ടികളെ മെറിറ്റ് അടിസ്ഥാനത്തിലും 10 കുട്ടികളെ സംവരണ അടിസ്ഥാനത്തിലുമാണ് തെരെഞ്ഞെടുക്കുന്നത്. ഈ കുട്ടികൾക്ക് 8-ാം ക്ലാസ്സുമുതൽ 10-ാം ക്ലാസ് പൂർത്തിയാകുന്നത് വരെ പ്രത്യേക പരിശീലന പരിപാടി നൽകി വരുന്നു. ശനി, ഞായർ ദിവസങ്ങളിലാണ് ടി പരിശീലന പരിപാടികൾ നടത്തുന്നത്. |

| | |
|---|---|
| (സി) സാമൂഹ്യശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിൽ വിദ്യാഭ്യാസ വകുപ്പ് ആറാം ക്ലാസുകാർക്ക് നടത്തുന്ന പരീക്ഷകളിൽ സംസ്ഥാനതലത്തിലെത്തുന്നവർക്ക് വേണ്ടി എന്തെല്ലാം `തുടർവിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ; | (സി) സാമൂഹ്യശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിൽ ആറാം ക്ലാസുകാർക്കായി പരീക്ഷ നടത്തുന്നില്ല. എന്നാൽ മേൽ വിഷയങ്ങളിൽ അഭിരുചിയുള്ള കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് സംസ്ഥാന തലത്തിൽ എസ്.ഇ.ആർ.ടി യഥാക്രമം 7. 10 ദിവസം നീളുന്ന പഠന ക്യാമ്പ് സംഘടിപ്പിച്ച് വരുന്നു. ഈ വിദ്യാർത്ഥികൾക്ക് ഗണിത വിഷയത്തിൽ പന്ത്രണ്ടാം ക്ലാസ് വരെയും. സാമൂഹിക ശാസ്ത്രത്തിൽ പത്താം ക്ലാസ് വരെയും അതാത് വിഷയങ്ങളിൽ കൂടുതൽ ആഴത്തിലുള്ള അനുഭവങ്ങൾ നൽകുന്ന പരിപോഷണ പരിപാടികളാണ് നടത്തി വരുന്നത്. |
| (ഡി) മലയാള ഭാഷാപഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അപ്പർ പ്രൈമറി തലത്തിൽ ഇത്തരത്തിലുള്ള പൊതുപരീക്ഷകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ